അതുകൊണ്ട് ഓട് വ്യവസായത്തെക്കുറിച്ചും കോഴിക്കോട് ജില്ലയിൽ വളരെയധികമുണ്ടായിരുന്ന മരവ്യവസായ മേഖലയെ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ സജസ്റ്റ് ചെയ്യുകയാണെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. എന്തൊക്കെ സപ്പോർട്ട് കൊടുക്കാൻ കഴിയുമോ അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഓട് വ്യവസായത്തിലെ തൊഴിലാളികളെയും ഉടമകളെയും വിളിച്ച് ചേർത്ത് അവരുടെ കളിമണ്ണ്, വിറക് എന്നിവയുടെ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരമായി ഒരു ചർച്ച നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പറഞ്ഞല്ലോ. ചർച്ച നടത്താം. ശ്രീ. രാജേന്ദ്രനുമൊക്കെ ഉന്നയിച്ചതിനെത്തുടർന്ന് ഞങ്ങൾ തൃശ്ശൂർ ഏരിയയിൽ ചർച്ച നടത്തി. അതുപോലെ വേണമെങ്കിൽ ചർച്ച നടത്താം.

(2) കുഷ്ഠരോഗാശുപത്രികളുടെ പ്രത്യേകിച്ച് നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ. കെ. ഷാജു : സർ, മൂന്ന് ലെപ്രസി സാനട്ടോറിയങ്ങളാണ് കേരളത്തിലുള്ളത്. ഒന്ന് എന്റെ നിയോജകമണ്ഡലത്തിലെ നൂറനാടാണ്. അത് ഏഷ്യയിലെ ഏറ്റവും വലിയ ലെപ്രസി സാനട്ടോറിയമാണ്. 1934-ൽ ആരംഭിച്ചതാണ്. ആദ്യം അത് തിരുവനന്തപുരത്തെ ഊളമ്പാറയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഊളമ്പാറ ആശുപത്രി എന്നൊരു പേര് കൂടി ആ ആശുപത്രിക്കുണ്ട്. മറ്റൊന്ന് കൊരട്ടിയാണ്. അത് 1861-ൽ സാൽവേഷൻ ആർമിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. പിന്നീടുള്ളത് ചേവായൂരിലാണ്. അത് 1897-ൽ ബാസൽമിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച് ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ പ്രൊഫസർ സാവിത്രി ലക്ഷ്മണൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. അവിടെ മൂന്ന് വർഷമായി പാദരക്ഷപോലും അന്തേവാസികൾക്ക് കൊടുക്കുന്നില്ല. നൂറനാട്ടിൽ കഴിഞ്ഞ ഏഴ് വർഷമായി വാർഷിക അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. 50-60 വർഷം പഴക്കമുള്ള കെട്ടിടങ്ങൾ ചോർന്നൊലിക്കുകയാണ്. ചുറ്റുമതിലുകൾ ഇല്ല ; തകർന്നുകിടക്കുകയാണ്. ഒരുവശത്ത് ഫെൻസിംഗ് പോലുമില്ല. അംഗഭംഗം വന്നവരും മറ്റ് തരത്തിൽ ദുരിതമനുഭവിക്കുന്നവരുമായിട്ടുള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ നായ്ക്കളും മറ്റും കടന്നുവരികയാണ്. മൂന്ന് മാസങ്ങൾക്ക് മുൻപ് നാല് നായ്ക്കൾ വാർഡിൽ കടന്നുകയറി അന്തേവാസികളെ കടിച്ചു. കടിക്കാൻ വരുന്ന നായ്ക്കളെ കൈ ഉയർത്തി തടയാൻപോലും കഴിയാത്ത ആളുകളെയാണ് ഈ വിധത്തിൽ നായ്ക്കൾ ആക്രമിച്ചത്. നാല് പേരെ ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അതുകൊണ്ട് ചുറ്റുമതിലിന്റെ പ്രശ്നത്തിൽ അടിയന്തരമായി പരിഹാരം കാണാൻ കഴിയണം. ഇവിടെ വേനൽക്കാലത്ത് കുടിക്കാൻ വെള്ളമില്ല. കൃഷിക്ക് ഉപയോഗിക്കുന്ന വെള്ളമാണ് ഇപ്പോൾ കുടിക്കാൻ വേണ്ടി പ്രധാനമായിട്ടും ഉപയോഗിച്ചുവരുന്നത്. അതിനൊരു പരിഹാരമുണ്ടാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എം.ജി.പി.യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനും ജില്ലാശുപത്രിയുടേയും താലൂക്കാശുപത്രിയുടേയും നവീകരണത്തിനും വേണ്ടി പദ്ധതിയുണ്ട്. പക്ഷേ ലെപ്രസി സാനട്ടോറിയത്തിന്റെ ഗുരുതരമായിട്ടുള്ള സ്ഥിതിക്ക് പരിഹാരം കാണാൻ ഒരു പദ്ധതിയില്ല. എം.ജി.പി.യിൽ അതുകൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. നൂറനാട് ലെപ്രസി സാനിട്ടോറിയത്തോടനുബന്ധിച്ച് ഒരു ഒ.പി. ബ്ലോക്കും ഐ.പി ബ്ലോക്കും പ്രവർത്തിക്കുന്നുണ്ട്. താലൂക്കാശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന ഏതാണ്ട് 209-ഓളം സ്റ്റാഫും ഡോക്ടർമാരും മറ്റ് സംവിധാനങ്ങളുമുള്ള ആശുപത്രി ഇപ്പോൾ നിർത്താൻപോകുന്നുവെന്നുള്ള നിലയിൽ വ്യാപകമായ പ്രചരണങ്ങൾ നടക്കുകയാണ്. അത് അവിടെ തുടരാനും അതിനെ താലൂക്കാശുപത്രിയുടെ സ്റ്റാറ്റസിലേക്ക് വളർത്തിക്കൊണ്ട് വരാനും ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും നടുവിൽ ശ്വാസം മുട്ടുന്ന നൂറനാട് ലെപ്രസി സാനട്ടോറിയവും അവിടുത്തെ അന്തേവാസികളും പരിസരവാസികളും ഇപ്പോൾ ആശങ്കയിലാണ്. അവിടെ നാല് ജില്ലകളിൽ നിന്ന് വരുന്ന ഖരമാലിന്യങ്ങളും മറ്റ് ഡെപ്പോസിറ്റുകളും കൊണ്ടുവന്ന് ഡമ്പ് ചെയ്ത് ഒരു മാലിന്യ സംസ്ക്കരണ പ്ലാന്റ് വരുന്നുവെന്ന് പറയുന്നു. കഴിഞ്ഞ രണ്ട് ആഴ്ചക്കാലമായി അവിടെ ശക്തിയായ സമരം നടക്കുകയാണ്. ലെപ്രസി സാനട്ടോറിയത്തിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും ഇങ്ങനെയുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് വന്നാൽ അവിടുത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അത് അംഗീകരിക്കാൻ കഴിയില്ല ; വലിയ എതിർപ്പുണ്ടാകും. അതിശക്തമായിട്ടുള്ള ജനവികാരം ഇപ്പോൾത്തന്നെ ഉയർന്നുവന്നിരിക്കുന്നു എന്നുള്ളതുകൊണ്ട് ഗവൺമെന്റ് അതുസംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പൊതുവായി നൂറനാട് ലെപ്രസി സാനട്ടോറിയത്തിലെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, നൂറനാടുള്ള ലെപ്രസി സാനട്ടോറിയം, തൃശ്ശൂരിലുള്ള കൊരട്ടി ലെപ്രസി ആശുപത്രി, കോഴിക്കോട് ചേവായൂർ കുഷ്ഠരോഗാശുപത്രി എന്നീ മൂന്ന് സ്ഥാപനങ്ങളും വളരെ കാലപ്പഴക്കമുള്ളവയും അവയുടെ കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലുള്ളവയുമാണ്. 1987 മുതൽ സംസ്ഥാനത്ത് എം.ഡി.ടി (മൾട്ടി ഡ്രഗ് തെറാപ്പി) ചികിൽസയിലൂടെ കുഷ്ഠരോഗബാധിതരെ അവരുടെ വീട്ടിൽത്തന്നെ താമസിപ്പിച്ച് ചികിൽസിപ്പിച്ച് സുഖപ്പെടുത്താനുള്ള സാഹചര്യം സംജാതമായതോടുകൂടി കുഷ്ഠരോഗാശുപത്രികളിൽ സ്ഥിരമായി അന്തേവാസികളെ പ്രവേശിപ്പിക്കാറില്ല. ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം പഞ്ചായത്തിൽ 137 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന 75 ഓളം വരുന്ന ചെറുതും വലുതുമായ കെട്ടിടത്തിലാണ് ഇപ്പോൾ നൂറനാട് കുഷ്ഠരോഗാശുപത്രി പ്രവർത്തിച്ചുവരുന്നത്. 993 കിടക്കകൾ പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടെങ്കിലും 454 പേർ മാത്രമാണ് ഇപ്പോൾ അവിടെ അന്തേവാസികളായിട്ടുള്ളത്. 55 കെട്ടിടങ്ങളിലായിട്ടാണ് ഈ രോഗികളെ താമസിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം 5.25 ലക്ഷം രൂപ ചെലവഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പ് ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി 2002-03-ൽ 1.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവിടെ പൊതുജനങ്ങൾക്കായി ഒരു ഒ.പി. വിഭാഗവും ഐ.പി.വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. പ്രതിദിനം 300 പേർക്ക് ഒ.പി. വിഭാഗത്തിലും 20 പേർക്ക് ഐ.പി.വിഭാഗത്തിലും ചികിൽസ നൽകിവരുന്നുണ്ട്. ഒരു ഓർത്തോപീഡിക് സർജനേയും സൂപ്രണ്ടിനെയും കൂടാതെ നാല് ഡോക്ടർമാർ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്. രോഗികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സഹായം നൽകാനായി ഒരു സാമൂഹ്യ സന്നദ്ധ സംഘടന മുന്നോട്ടുവന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സ്ഥാപനത്തിന്റെ പുരോഗതിക്കായി എല്ലാ നടപടികളും കൈക്കൊള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ മാലിന്യ സംസ്ക്കരണ പ്ലാന്റ് ഇവിടെ സ്ഥാപിക്കാൻ യാതൊരു ഉദ്ദേശവും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇല്ല. ഐ.പി. വിഭാഗം കൂടുതൽ കാര്യക്ഷമതയോടെ തുടർന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, മന്ത്രിയുടെ മറുപടി അങ്ങേയറ്റം സ്വാഗതാർഹമാണ്. ഈ രണ്ട് പ്രശ്നങ്ങളെസംബന്ധിച്ചും ഒരു ക്ളാരിറ്റി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഒ.പി., ഐ.പി. വിഭാഗങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച ഉറപ്പ് ശക്തമായിട്ടുണ്ടാകണം. ഒപ്പം മാലിന്യ സംസ്ക്കരണം പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഒരു ഉറച്ച അഭിപ്രായം പറയണം.

ശ്രീ. പി. ശങ്കരൻ : സർ, ഈ രണ്ട് കാര്യത്തിനും ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. ഒ.പി.യും ഐ.പി.യും കൂടുതൽ ശക്തമായിട്ട് പ്രവർത്തിപ്പിക്കും, മാലിന്യ സംസ്ക്കരണ പ്ലാന്റ് അവിടെ ഒരു കാരണവശാലും സ്ഥാപിക്കാൻ ഉദ്ദേശമില്ല.

III സബ്മിഷൻ

(1) ആലപ്പുഴ തീരപ്രദേശത്തെ കരിമണൽ ഖനനം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നേരത്തെ പറഞ്ഞ കാര്യങ്ങൾ പറയുന്നില്ല. ഈ സഭയിൽ വളരെ ഗൗരവമായി ചർച്ചകൾ നടന്നതാണ്. ആലപ്പുഴയിലാണെങ്കിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ മുഴുവൻ ജനങ്ങളും പങ്കെടുക്കുന്ന വമ്പിച്ച തോതിലുള്ള ജനകീയ പ്രക്ഷോഭം ശക്തിയായി നടക്കുകയാണ്. ആ ഒരു പശ്ചാത്തലത്തിലാണ് ഈ പ്രശ്നം ഉന്നയിക്കുന്നത്. ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്ത് കരിമണൽ ഖനനം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും ഉപേക്ഷിക്കണമെന്നും റദ്ദ് ചെയ്യണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്. അതുപോലെതന്നെ വിദഗ്ദ്ധ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly